നം. PC1/20042/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 12..5..2017
Email : swdkerala@gmail.com
Phone: 0471-2306040

സാമൂഹ്യനീതി ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

സർ,

വിഷയം :സാമൂഹ്യനീതി വകുപ്പ് - പ്ലാനിംഗ് സെൽ - എല്ലാ ക്ഷേമസ്ഥാപനങ്ങളിലും ഹരിതോദയം പദ്ധതി നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന :9..5..2017 തീയതിയിൽ ബഹു: കൃഷി വകുപ്പ് മന്ത്രിയുടെ ചേംബറിൽ കൂടിയ മീറ്റിംഗ്.

ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കൃഷി അധിഷ്ഠിത തൊഴിൽ പരിശീലനം നൽകുന്നതിനും ആയതിലൂടെ മാനസിക ഉല്ലാസം സാമ്പത്തിക സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നതിനുമായി എല്ലാ ക്ഷേമസ്ഥാപനങ്ങളിലും ഹരിതോദയം പദ്ധതി നടപ്പിലാക്കുന്നതിന് 9..5..2017 തീയതിയിൽ ബഹു: കൃഷി വകുപ്പ് മന്ത്രിയുടെ ചേംബറിൽ കൂടിയ മീറ്റിംഗിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ എല്ലാ ജില്ലാ ഓഫീസർമാരും ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ട് / എസ്റ്റേറ്റ് ഓഫീസറിൽ നിന്നും വിശദമായ പ്രൊപ്പോസൽ ലഭ്യാമാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു. സ്ഥലലഭ്യതയ്ക്ക് അനുയോജ്യമായി കൃഷിരീതി, പ്രതീക്ഷിക്കുന്ന ചെലവ് തുക, കൃഷി വകുപ്പിൽ നിന്ന് ലഭിക്കാവുന്ന സബ്സിഡി / മറ്റ് ആനുകൂല്യങ്ങൾ എന്നിവയും ബന്ധപ്പെട്ട കൃഷി ഓഫീസറുമായി ചർച്ച ചെയ്ത് പ്രൊപ്പോസലിൽ ഉൾപ്പെടുത്തേണ്ടതാണ്.

കൂൺകൃഷി മാതൃകയിലുള്ള കൃഷിരീതികൾ നടപ്പിലാക്കുന്നതിന് സ്ഥല സൗകര്യമുണ്ടെങ്കിൽ ആയത് റിപ്പോർട്ട് ചെയ്യേണ്ടതും കൃഷി ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും മറ്റ് കൃഷിരീതികൾ അറിയുന്നതിനുമായി പരിശീലനം ആവശ്യമുണ്ടെങ്കിൽ ആയതിനുള്ള ചെലവ് വിവരം ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

കൂടാതെ തൃശൂർ രാമവർമ്മപുരത്ത് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സിൽ പച്ചക്കറി കൃഷി, കന്നുകാലി വളർത്തൽ, കോഴി വളർത്തൽ എന്നീ വിവിധ കൃഷി രീതികൾ സംയോജിപ്പിച്ച് മാതൃകാ ഹരിതോദയം പദ്ധതി നടപ്പിലാക്കുന്നതിന് ബഹു. കൃഷി വകുപ്പ് മന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന് വിശദമായ പ്രൊപ്പോസൽ തൃശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസർ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന പ്രൊപ്പോസലിൽ ഓരോ സ്ഥാപനം / ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സിൽ എത്ര സ്ഥലം (area) ഹരിതോദയം പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്താനാകുമെന്ന് കൃത്യമായി ഉൾപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**

**പകർപ്പ്:**

1. എല്ലാ ക്ഷേമ സ്ഥാപന മേധാവികൾക്ക്
2. എല്ലാ ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സ് എസ്റ്റേറ്റ് ഓഫീസർമാർക്കും